18954

**കേരള സർക്കാർ**

സംഗ്രഹം

**സാമൂഹ്യക്ഷേമ വകുപ്പ് - ഐ.സി.ഡി.എസ് -അംഗൻവാടി ഗുണഭോക്താക്കളായ ആദിവാസി വിഭാഗങ്ങൾക്ക് അർഹതയുള്ള ഒരു മാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ മൊത്തമായി ടേക്ക് ഹോം റേഷനായി കൊടുത്തുവിടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.**

---

**സാമൂഹ്യക്ഷേമ(ബി) വകുപ്പ്**

സ.ഉ (സാധാ) നം.202/2011/സാക്ഷേവ

**തീയതി, തിരുവനന്തപുരം, 21.05.2011.**

---

പരാമർശം : **സാമൂഹ്യക്ഷേമ ഡയറക്ടറുടെ 23.11.2010-ലെ ഐ.സി.ഡി.എസ് ബി3-33451/09 നമ്പർ കത്ത്.**

## ഉത്തരവ്

സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിലൊന്നാണ് അനുപൂരക പോഷകാഹാര പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആറു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അംഗൻവാടികൾ വഴി പോഷകാഹാരം നൽകി വരുന്നു. നിലവിൽ 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് മാത്രമാണ് അംഗൻവാടികളിൽ നിന്നും ടേക്ക് ഹോം റേഷനായി പോഷകാഹാരം നൽകി വരുന്നത്. അംഗൻവാടി സ്ഥിതി ചെയ്യുന്ന ട്രൈബൽ ഹാംലെറ്റുകളിലെ ഗുണഭോക്താക്കൾക്ക് ദിവസവും അംഗൻവാടികളിൽ വന്ന് പാകം ചെയ്ത ഭക്ഷണം സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ അംഗൻവാടികളിൽ വന്ന് പാകം ചെയ്ത ഭക്ഷണം കഴിക്കുവാൻ സാധിക്കാതെ വരുന്ന എല്ലാ ആദിവാസി വിഭാഗങ്ങൾക്കും അവർക്ക് അർഹതയുള്ള ഒരു മാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ മൊത്തമായി വീടുകളിൽ കൊടുത്തുവിടുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് മുഖേന **സാമൂഹ്യക്ഷേമ ഡയറക്ടർ** അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അംഗൻവാടികളിൽ വന്ന് പാകം ചെയ്ത ഭക്ഷണം കഴിക്കുവാൻ സാധിക്കാതെ വരുന്ന എല്ലാ ആദിവാസി വിഭാഗങ്ങൾക്കും അവർക്ക് അർഹതയുള്ള ഒരു മാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ മൊത്തമായി ടേക്ക് ഹോം റേഷനായി കൊടുത്തുവിടുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ബി.എസ്. മാവോജി,

സെക്രട്ടറി.

**സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.**
**അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.**
**ധനകാര്യ വകുപ്പ്**
**കരുതൽ ഫയൽ, ഓഫീസ് പകർപ്പ്**

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ